"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപന പരിപാടിയുടെ നടത്തിപ്പിനുവേണ്ടി ലൈഫ് മിഷൻ ഫണ്ടിൽ നിന്നും 3,21,223/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) അധികം ചെലവഴിച്ച നടപടി സാധൂകരണം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.1948/2020/LSGD തീയതി,തിരുവനന്തപുരം, 19/10/2020

പരാമർശം:-

1. സ.ഉ(സാധാ) നം.481/2020/ത.സ്വ.ഭ.വ(ഡി.ബി),തീയതി 26/02/2020.
2. സ.ഉ(സാധാ) നം.482/2020ത.സ്വ.ഭ.വ(എഫ്.എം.),തീയതി 27/02/2020.
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/06/2020 ലെ LF 306/2020/2 Lakh Houses നം. കത്ത്.

<u>ഉത്തരവ്</u>

ലൈഫ് ഭവനപദ്ധതിയിലൂടെ പൂർത്തിയാക്കിയ രണ്ട് ലക്ഷം ഭവനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനവും തിരുവനന്തപുരം ജില്ലാ തല കുടുംബസംഗമവും 29/02/2020-ൽ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചുവെന്നും ഗുണഭോക്തൃ പങ്കാളിത്തം, ബഹുജന സാന്നിദ്ധ്യം, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ കൊണ്ട് ശ്രദ്ധേയമായ പരിപാടി വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നും പരിപാടിയുടെ ഭാഗമായി ഒരു ലക്ഷം ച.അടി വിസ്തൃതിയുള്ള പന്തൽ, സ്റ്റേജ്, ഡൂം, മേശകൾ, കസേരകൾ, കാർപെറ്റ്, ഡിജിൽ പ്ലാറ്റ്ഫോം, സൗകര്യം ക്രമീകരിക്കൽ, ഫ്രണ്ട് ഗേറ്റും ബാക് ഡ്രോപ്പും സജ്ജീകരിക്കൽ, ഡിജിറ്റൽ ഡിസ്പ്ലേ, ലൈറ്റ് ആന്റ് സൗണ്ട് എന്നീ പ്രവർത്തികൾ പത്രപരസ്യം നല്കി ക്വട്ടേഷൻ ക്ഷണിച്ച് നെഗോസിയേഷനും വിധേയമാക്കി അംഗീകരിച്ച് നിർവ്വഹണം നടത്തുകയും ശേഷിക്കുന്ന

പ്രവർത്തികൾ ലോക്കൽ ക്വട്ടേഷൻ ക്ഷണിച്ചോ നേരിട്ടോ നിർവ്വഹിക്കുന്നതിന് കമ്മിറ്റി ചുമതലപ്പെട്ടുത്തിയത് പ്രകാരം പരമാവധി സർക്കാർ സംവിധാനം/ഏജൻസികളുടെ സേവനം പ്രയോജനപ്പെട്ടുത്തിയുമാണ് നിർവ്വഹിച്ചത് എന്നും ഇപ്രകാരം നിർവ്വഹണം സാധ്യമല്ലാത്ത ചില പ്രവർത്തികൾ സമയപരിമിതി കണക്കിലെടുത്ത് നേരിട്ട് നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ടെന്നും പരിപാടിയുടെ സംഘാടനത്തിനായി 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുകയും അതിൽ 20 ലക്ഷം രൂപ ലൈഫ് മിഷനും 5 ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും, 5 ലക്ഷം രൂപ തിരുവനന്തപുരം കോർപ്പറേഷനും വഹിക്കുന്നതിന് തീരുമാനിച്ച് പരാമർശം (1)&(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും മികച്ച രീതിയിൽ പരിപാടികൾ സംഘടിപ്പിച്ചതിനെത്തുടർന്ന് 33,21,223/- രൂപ (മുപ്പത്തി മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ഇതിലേക്കായി ചെലഴിക്കേണ്ടതായി വന്നുവെന്നും ഇത്തരത്തിൽ പ്രതീക്ഷിച്ച ചെലവിനെക്കാൾ 3,21,223/-(മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് മാത്രം) ലൈഫ് മിഷന്റെ ഫണ്ടിൽ നിന്നും അനുവദിക്കുകയാണ് ഉണ്ടായതെന്നും പരിപാടിയുടെ മുഴുവൻ വരവ് ചെലവ് കണക്കുകളും ബഹു. ടൂറിസം സഹകരണ വകുപ്പ് മന്ത്രി ചെയർമാനും, ബഹു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജനറൽ കൺവീനറും ആയിട്ടുള്ള ജനറൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുകയും അധികമായി 3,21,223 രൂപ ലൈഫ് മിഷൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്ത നടപടിക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനും യോഗം ഐകകണ്ഠേന തീരുമാനിച്ചിട്ടുള്ളതുമാണെന്നും ടി സാഹചര്യത്തിൽ രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപന പരിപാടിയുടെ നടത്തിപ്പിനുവേണ്ടി ലൈഫ് മിഷൻ ഫണ്ടിൽ നിന്നും 3,21,223/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) അധികം ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവുണ്ടാകണമെന്ന് പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നടത്തിയ ഒരു പ്രധാന പരിപാടി ആയതിനാലും പ്രധാന കാര്യങ്ങൾ പത്രപരസ്യം നല്കി ക്വട്ടേഷൻ ക്ഷണിച്ച് മാനദണ്ഡ പ്രകാരം തന്നെയാണ് ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചിട്ടുള്ളതിനാലും ലൈഫ് ഭവനപദ്ധതിയിലെ രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപന പരിപാടിയുടെ നടത്തിപ്പിനുവേണ്ടി ലൈഫ് മിഷൻ ഫണ്ടിൽ നിന്നും 3,21,223/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) അധികം ചെലവഴിച്ച ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പം ഇപ്രകാരമുള്ള കാര്യങ്ങളിൽ സർക്കാർ അനുമതി ലഭിച്ചശേഷമേ തുക ചിലവഴിക്കുവാൻ പാടുള്ളു എന്നും അറിയിക്കുന്നു .

.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ഓഡിറ്റ് കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:--ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ്

സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .